(ബി) എന്നുമുതലാണ് ക്ഷേത്രസുരക്ഷ സർക്കാർ ഏറ്റെടുത്തതെന്നും സുരക്ഷാ സംവിധാനങ്ങൾ ഒരുക്കുന്നതിനായി ഇതുവരെ എത്ര രൂപ ചെലവഴിച്ചു എന്നും വിശദമാക്കുമോ ?

ഉത്തരം

(എ) ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിന്റെ സുരക്ഷയുമായി ബന്ധപ്പെട്ട് ക്ഷേത്രത്തിന്റെയും അമൂല്യ നിധികളുടെയും സുരക്ഷ ഉറപ്പാക്കുന്നതിനുള്ള ഉത്തരവാദിത്വം കേരള പോലീസിനെ ഏല്പിച്ചിട്ടുണ്ട്. 2011-ലെ കേരള പോലീസ് ആക്ട് സെക്ഷൻ 13 (1)-ന്റെ അടിസ്ഥാനത്തിൽ ക്ഷേത്രവും ക്ഷേത്ര പരിസരവും പ്രത്യേക സുരക്ഷാ മേഖലയായി പ്രഖ്യാപിച്ചിട്ടുണ്ട്. സുരക്ഷാ ക്രമീകരണങ്ങൾ ശക്തമാക്കുന്നതിന്റെ ഭാഗമായി പോലീസ് ഡെപ്യൂട്ടി കമ്മീഷണറുടെ റാങ്കിലുള്ള ഉദ്യോഗസ്ഥന്റെ കീഴിൽ ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിന്റെ സുരക്ഷാ വിഭാഗം എന്നൊരു പ്രത്യേക വിഭാഗം കേരളാ പോലീസിൽ രൂപീകരിക്കുകയും ഇതിലേക്കായി 253 തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. ക്ഷേത്രത്തിന് അകത്തും പുറത്തും സായുധ കമാന്റോകളെ സുരക്ഷയ്ക്കായി വിന്യസിച്ചിട്ടുണ്ട്. കൂടാതെ, കൺട്രോൾ റൂം സ്ഥാപിച്ച് 24 മണിക്കൂർ നിരീക്ഷണം ക്ഷേത്രത്തിന് പുറത്ത് പട്രോളിംഗ്, വാഹന പരിശോധന, പാർക്കിംഗ് കേന്ദ്രങ്ങളിൽ നിരീക്ഷണം എന്നിവയും നടത്തിവരുന്നു. അത്യാധുനിക സംവിധാനങ്ങളോടുകൂടിയ ത്രിതല സുരക്ഷാ സംവിധാനം ക്ഷേത്രപരിസരത്ത് ഒരുക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. പ്രസ്തുത ത്രിതല ക്ഷേത്ര സുരക്ഷ ഉറപ്പാക്കുന്നതിനും അതിനുള്ള സംവിധാനങ്ങളുടെ പരിശോധനയും മറ്റും നടത്തുന്നതിലേക്കായി വിവിധ സർക്കാർ വകുപ്പുകളെ ഏകോപിപ്പിച്ച് ഒരു ടെക്നിക്കൽ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് അത്യാധുനിക ഉപകരണങ്ങൾ ക്ഷേത്ര പരിസരത്ത് സ്ഥാപിച്ചിട്ടുണ്ട്.

(ബി) ബഹുമാനപ്പെട്ട സുപ്രീം കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ 07/2011 മുതലാണ് ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിന്റെ സുരക്ഷാ ചുമതല സർക്കാർ ഏറ്റെടുത്തിട്ടുള്ളത്. ക്ഷേത്രത്തിൽ Integrated Security System ഒരുക്കുന്നതിന് ആദ്യഘട്ടത്തിലേക്കായി 9,80,19,715 രൂപയും രണ്ടാം ഘട്ടത്തിലേക്കായി 3,66,40,020 രൂപയും ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത പ്രോജക്ട് മൂന്ന് ഘട്ടങ്ങളിലായാണ് പൂർത്തിയാക്കുന്നത്.

പെരുമ്പിലാവ് ആസ്ഥാനമായി പുതിയ പോലീസ് സ്റ്റേഷൻ

162 (6311) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്നംകുളം പോലീസ് സ്റ്റേഷനിൽ 2011, 2012, 2013 എന്നീ 3 വർഷങ്ങളിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ബി) ഇതിൽ എത്ര കേസ്സുകളിൽ അന്വേഷണം നടത്തി കോടതിയിൽ ചാർജ് ഷീറ്റ് സമർപ്പിച്ചിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) കുന്നംകുളം സ്റ്റേഷന്റെ പ്രവർത്തനമേഖല വിഭജിച്ച് പെരുമ്പിലാവ് ആസ്ഥാനമായി പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണ് ; ഇതുസംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ ?

ഉത്തരം

(എ) 2011-ൽ 1892 കേസ്സുകളും 2012-ൽ 2620 കേസ്സുകളും 2013-ൽ 2830 കേസ്സുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) 2011-ൽ 1316 കേസ്സുകളിലും 2012-ൽ 1943 കേസ്സുകളിലും 2013-ൽ 2525 കേസ്സുകളിലും അന്വേഷണം നടത്തി ബഹുമാനപ്പെട്ട കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്ത് പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള ഒരു മുൻഗണനാലിസ്റ്റ് ജോലിഭാരത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുവാൻ തീരുമാനിച്ചിട്ടുള്ളതിനാൽ പെരുമ്പിലാവ് ആസ്ഥാനമായി പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്ന വിഷയം പ്രസ്തുത പഠനശേഷം മാത്രമേ പരിശോധിക്കാൻ കഴിയുകയുള്ളൂ.

പത്രപ്രവർത്തകർക്കെതിരെയുള്ള പോലീസ് അതിക്രമങ്ങൾ

163 (6312) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം പത്രപ്രവർത്തകർക്കെതിരെനടന്ന പോലീസ് അതിക്രമങ്ങളെക്കുറിച്ച് സംസ്ഥാന പോലീസ് മേധാവി പ്രത്യേകം അന്വേഷണം നടത്തുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതുസംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ & ബി) പ്രത്യേകം അന്വേഷണം നടത്തുന്നില്ല.

ജയപ്രസാദിനും നാരായണൻ നായർക്കുമെതിരെയുള്ള കേസ്സുകൾ

164 (6313) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013 ആഗസ്റ്റ് മാസം തിരുവനന്തപുരം ആനയറ വേൾഡ് മാർക്കറ്റ് ജംഗ്ഷനിൽവച്ച് മുഖ്യമന്ത്രിയെ കരിങ്കൊടികാണിച്ച ജയപ്രസാദിനോടും 2014 ഫെബ്രുവരിയിൽ വടകരയിൽ ദേശീയപാത സ്ഥലമെടുപ്പിനെതിരെ പ്രതിഷേധിച്ച നാരായണൻ നായരോടും പോലീസുകാർ അതിക്രമംകാണിച്ച സംഭവങ്ങളിൽ കുറ്റക്കാരായ പോലീസുകാർക്കെതിരെ എന്തെല്ലാം തുടർ നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly